# പതിമൂന്നാം കേരള നിയമസഭ

## 4-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :754 08.03.2012- ൽ മറുപടിയ്ക്ക്

### കോഴിക്കോട് ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പ്രദീപ് കുമാർ | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതി എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശി ക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) കോഴിക്കോട് ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതി 31.03.2013-ഓടെ പൂർത്തീകരിക്കുവാനാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാ ക്കുമോ; | പദ്ധതിയുടെ വിവിധ പാക്കേജുക ളുടെ പ്രവർത്തനം പുരോഗതി ചുവടെ ചേർക്കുന്നു.<br>പാക്കേജ് 1 – ഇൻടേക്ക് വെല്ലും ശുദ്ധീകരണ ശാലയും.<br><br>ശുദ്ധീകരണ ശാലയുടെ പ്രവർത്തി കൾ 38% പൂർത്തീകരിച്ചു. പെരുവ ണ്ണാമൂഴി റിസർവോയറിൽ സ്ഥാപി ക്കേണ്ട കിണറിന്റെയും പമ്പ്ഹൗസിന്റെയും പ്രാരംഭ പണി കൾ നടന്നു വരുന്നു.<br><br>പാക്കേജ് 2എ2ബി – ട്രാൻസ്മിഷൻ മെയിൻ<br>ഇവയുടെ പ്രവർത്തികൾ 88% പൂർത്തീകരിച്ചു.<br><br>പാക്കേജ് 3– വിതരണ ശൃംഖല<br><br>ഇതിന്റെ പണികൾ 38% പൂർത്തീകരി ച്ചു. വിതരണ ശൃംഖല സ്ഥാപിക്കു ന്നതിനുള്ള പ്രവർത്തിയുടെ വീഴ്ച വരുത്തിയ കരാറുകാരനെ പ്രവർത്തി യിൽ നിന്നും ഒഴിവാക്കുകയും ബാക്കി പണികൾക്ക് പുനർ ദർഘാസ് ക്ഷണിക്കുകയും ചെയ്തു. പണികൾ തുടങ്ങുന്നതിനുള്ള നടപടി കൾ ധ്രുതഗതിയിൽ നടന്നുവരികയാ ണ്. ബാക്കി പണികൾ രണ്ടു കരാറു |

ഇതിനുള്ള ടെണ്ടറുകൾ ലഭിക്കുകയും അംഗീകാരം കൊടുക്കുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ് .

പാക്കേജ് 4 – ജല സംഭരണികൾ

ആകെയുള്ള ജലസംഭരണികളിൽ 17 സംഭരണികളുടെ പണികൾ നടന്നു വരുന്നു. അവയുടെ 89% പണികൾ പൂർത്തിയായി; 4 എണ്ണത്തിന്റെ പണികൾ പൂർണ്ണമായും, 10 എണ്ണത്തിന്റെ പണികൾ ഏറെക്കുറെ പൂർത്തീകരിക്കുകയും ചെയ്തു. മറ്റ് മൂന്ന് ജല സംഭരണികളുടെ പ്രവർത്തികൾ പുരോഗമിക്കുന്നു. തലക്കുളത്തൂർ, കാക്കൂർ, നരിക്കുനി എന്നീ മൂന്ന് ജലസംഭരണികളുടെ പണികൾ തുടങ്ങുവാനുണ്ട്. ഇവയ്ക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം പൂർത്തിയാക്കി ടെണ്ടർ നടപടികളിലേക്ക് നീങ്ങുന്നതാണ്.

പാക്കേജ് 5:- റീഹാബിലിറ്റേഷൻ പ്രവർത്തികൾ

നിലവിലുള്ള കോഴിക്കോട് നഗര ശുദ്ധജല വിതരണ പദ്ധതിയുടെ പുനരുദ്ധാരണത്തിനുള്ള പ്രവർത്തികൾ ഉൾപ്പെടുന്ന പാക്കേജ് 5-ന്റെ ദർഘാസുകൾ ക്ഷണിച്ചു കഴിഞ്ഞു.

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഇതിനു വേണ്ടി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(1) ഇൻടേക്ക് വെല്ലിന്റെ പണികൾ തുടങ്ങി പൂർത്തിയാക്കുന്നതിന് ശുദ്ധീകരണശാലയുടെ പണികൾ തീർക്കുന്നതിനും വേണ്ട പുതുക്കിയ വർക്ക് പ്രോഗ്രാം കോൺട്രാക്ടറോട് ആവശ്യപ്പെട്ടിരിക്കുന്നു.

(2) ട്രാൻസ്മിഷൻ മെയിൻ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കോഴിക്കോട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രശ്ന പരിഹാരത്തിന് ശ്രമിക്കുന്നു. പ്രധാനമായും കോട്ടൂർ, ചക്കിട്ടപ്പാറ, കക്കോടി എന്നീ സ്ഥലങ്ങളിൽ

പൈപ്പുലൈൻ സ്ഥാപിക്കുന്നതിന് പ്രതിബന്ധങ്ങൾ നിലനിൽക്കുന്നു.

(3) ബാക്കിയുള്ള ജലസംഭരണികളുടെ പ്രവർത്തികൾക്കാവശ്യമായ സ്ഥലം ലഭിക്കുന്നതിന് ജില്ലാ കളക്ടറുടെ സേവനം ഉപയുക്തമാക്കുന്നു.

(4) മാസാമാസം ചീഫ് എഞ്ചിനീയറും, മാനേജിംഗ് ഡയറക്ടറും പദ്ധതി പുരോഗതി വിലയിരുത്തി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**